# കേരളസർവകലാശാല

നം.പി.ആർ.169/2022

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2022 അവസാന തീയതി ആഗസ്റ്റ് 12 വരെ ദീർഘിപ്പിച്ചിരിക്കുന്നു. പുതിയ കോഴ്സ് ഉൾപ്പെടുത്തി.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി., ഐ.എച്ച്.ആർ.ഡി. കേന്ദ്രങ്ങളിലും 2022–23 അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ 2022 ആഗസ്റ്റ് 12 വരെ നീട്ടിയിരിക്കുന്നു. https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സി.എച്ച്.എം.എം. ചാവർകോട് ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. ഇംഗ്ലീഷ് കോഴ്സ് പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഓപ്ഷൻ സമർപ്പിച്ചവർക്ക് ഈ കോഴ്സുകൂടി ഉൾപ്പെടുത്താനും രജിസ്ട്രേഷൻ ചെയ്യാത്തവർക്ക് ഇതുകൂടി ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കാനും അവസരമുണ്ട്.

### കേരള സർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022 ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 16 വരെ നീട്ടിയിരിക്കുന്നു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/കെ.യു.സി.ടി.ഇ./ സ്വാശ്രയ കോളേജുകളിലും ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തീയതി ആഗസ്റ്റ് 16 വരെ നീട്ടിയിരിക്കുന്നു. വിശദ വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ. (http://admissions.keralauniversity.ac.in)

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022–23 വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ തിരുത്തലുകൾക്ക് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/കെ.യു.സി.ടി.ഇ/ സ്വാശ്രയ കോളേജുകളിൽ ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനം പരാതിരഹിത ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടും കൃത്യതയോടും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പേര്, ജനനതീയതി, അക്കാഡമിക് വിവരങ്ങൾ കോളേജുകളുടേയും കോഴ്സുകളുടേയും ഓപ്ഷനുകൾ തുടങ്ങിയ തിരുത്തലുകൾക്കുള്ള ലിങ്ക് അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ. (http://admissions.keralauniversity.ac.in)

## കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022-23
## കെ.എൻ.എം ബി.എഡ് കോളേജ്, കാഞ്ഞിരംകുളം -
## അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തി

കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. അഡ്മിഷൻ രജിസ്ട്രേഷനുളള പോർട്ടലിലേക്ക് കെ.എൻ.എം.ബി.എഡ്. കോളേജിലെ കോഴ്സുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകർക്ക് അഡ്മിഷൻ പോർട്ടൽ മുഖേന (http://admissions.keralauniversity.ac.in) രജിസ്ട്രേഷൻ നടത്താവുന്നതാണ്. വിശദവിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ എം.ഫിൽ. അറബിക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥികളുടെ (2020 – 21 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാലയുടെ ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർസയൻസ് (എസ്.ഡി.ഇ.- 2017 അഡ്മിഷന് മുൻപ്) 2003 സ്കീം സപ്ലിമെന്ററി പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ആഗസ്റ്റ് 2 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ചേർത്തല സെന്റ്.മൈക്കിൾസ് കോളേജിലെയും ശാസ്താംകോട്ട കെ.എസ്.എം.ഡി.ബി.കോളേജിലേയും മൂന്നാം സെമസ്റ്റർ ബി.വോക്. സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 11 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ.ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ആഗസ്റ്റ് 17 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 22 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
08.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**